നടത്തുകയും ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തതിനു ശേഷമാണ് വാട്ടർ അതോറിറ്റി പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നത്. കേന്ദ്രഭൂജല ബോർഡും ഭൂജല വകുപ്പും 1969 മുതൽ സംസ്ഥാനത്ത് ഭൂജല പഠനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ സി.ഡബ്ല്യൂ.ആർ.ഡി.എ.ഉം പഠനങ്ങൾ നടത്തി വരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

28 (191) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ശുദ്ധ ജലസംഭരണ വിതരണം ഏതെങ്കിലും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേനൽക്കാലം ഉൾപ്പെടെ എല്ലാ കാലത്തും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള സ്ഥായിയായ സംവിധാനങ്ങളാണ് ജല അതോറിറ്റി പ്രധാനമായും നടപ്പാക്കി വരുന്നത്. എന്നാൽ സാമ്പത്തിക ലഭ്യത അനുസരിച്ച് മാത്രമേ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കാനാവുകയുള്ളൂ. സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ചുള്ള പദ്ധതികൾക്കു പുറമേ 100% കേന്ദ്ര സഹായം ലഭിക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 50% കേന്ദ്രധന സഹായം ലഭിക്കുന്ന ത്വരിത നഗരശുദ്ധജലവിതരണ പദ്ധതികളും 50% ഉം 75% ഉം കേന്ദ്രസഹായം ലഭിക്കുന്ന ടെക്നോളജി മിഷൻ പദ്ധതികളും എൽ. ഐ.സി, ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്താൽ നടപ്പാക്കുന്ന പദ്ധതികളും, ഒ.ഇ.സി.എഫ്. നെതർലാന്റ്സ് എന്നീ വിദേശ ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളും ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ശുദ്ധജല വിതരണ രംഗത്ത് നിലവിലുള്ള അപര്യാപ് കണക്കിലെടുത്ത് എല്ലാവർക്കും 2000-ാം ആണ്ടോടു കൂടി ശുദ്ധജലം ലഭ്യമാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടു കൂടി, വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി ഒരു കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് മൊത്തം 1423.40 കോടി രൂപ മതിപ്പു ചെലവു കണക്കാക്കുന്നു. ഇതിന്റെ ഭാഗമായി 39 പ്രധാന പദ്ധതികൾ കഴിഞ്ഞ വർഷം കമ്മിഷൻ ചെയ്തു. ഈ

LIBRARY ARCHIVES Kerala Legislative Assembly

വർഷം പണി നടന്നു വരുന്ന 48 പ്രധാന പദ്ധതികളും അടുത്ത സാമ്പത്തിക വർഷം 41 പദ്ധതികളും പൂർത്തികരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. "മാനവീയം" പരിപാടിയുടെ ഭാഗമായി മൊത്തം 72 സ്കീമുകൾ രണ്ട് വർഷത്തിനകം കമ്മിഷൻ ചെയ്യാനും ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ 2000-ാംമാണ്ടിലെ വരൾച്ച ദുരിതാശ്വാസ പദ്ധതികൾക്കായി ഉറവിടം മെച്ചപ്പെടുത്തൽ, പൈപ്പ് ലൈനുകൾ നീട്ടൽ, കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, ട്രാൻസ്ഫോമറുകൾ, ബൂസ്റ്ററുകൾ എന്നിവ സ്ഥാപിക്കൽ തുടങ്ങിയ ഇനങ്ങളിലായി 46.53 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശുദ്ധജലവിതരണം സ്വകാര്യവൽക്കരിക്കുവാൻ നടപടി

29 (192) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജല വിതരണം സ്വകാര്യവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതു സംബന്ധിച്ച് ലോകബാങ്ക് എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) ഈ നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചുവോ എന്ന് വ്യക്തക്കുമോ;

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly